LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

103 [1225] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽ നബാർഡ് സഹായത്താൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിൽ വരുത്തുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) കുണ്ടുചിറ അണക്കെട്ട് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) 2001-05 വർഷത്തിനിടയിൽ നബാർഡ് ധനസഹായത്താലുള്ള ഏതെല്ലാം പ്രവൃത്തികൾ തലശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ യാതൊരു പ്രവൃത്തിയും ഇപ്പോൾ നടത്തുന്നില്ല.

(ബി) കുണ്ടുചിറ അണക്കെട്ട് പാലത്തിന്റെ Investigation കഴിഞ്ഞു. ആയതിന്റെ ഡിസൈൻ തീരുമാനമാക്കാനുണ്ട്. 190 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറായിവരുന്നു.

(സി) 2001-2005 വർഷത്തിനിടയിൽ നബാർഡ് ധനസഹായത്തോടെ ചെക്കിക്കുന്നി പാലത്തിന്റെ പണി പൂർത്തീകരിച്ചു.

കണ്ണൂർ ജില്ലയിൽ നബാർഡ് ഏറ്റെടുത്ത പ്രവർത്തികൾ

104 [1226] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ഏറ്റെടുത്ത പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര പ്രവർത്തികളാണ് കണ്ണൂർ ജില്ലയിൽ ഉള്ളതെന്നറിയിക്കാമോ ;

(ബി) ഇതിൽ എത്ര പ്രവർത്തികളുടെ പണി പൂർത്തിയായിട്ടുണ്ട് ; എത്ര പ്രവർത്തികളുടെ പണി പൂർത്തിയാക്കുവാൻ ബാക്കിയുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 20 റോഡുകളുടെയും 15 പാലങ്ങളുടെയും പണികളാണ് ഉള്ളത്.

(ബി) 14 റോഡുകളുടെയും 10 പാലങ്ങളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. 6 റോഡുകളുടെയും 5 പാലങ്ങളുടെയും പണി പൂർത്തിയാക്കുവാൻ ബാക്കിയുണ്ട്.